**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2738** **24-06-2024 - ൽ മറുപടിയ്ക്ക്**

**റബ്കോ സ്വീകരിച്ച നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സഹകരണ ബാങ്കുകളിൽ നിന്ന് റബ്കോ സ്വീകരിച്ചിട്ടുള്ള നിക്ഷേപം എത്രയാണ്; പ്രസ്തുത നിക്ഷേപങ്ങൾക്ക് റബ്കോ കൃത്യമായി പലിശ നൽകാറുണ്ടോ; വിശദമാക്കുമോ; | (എ) | റബ്കോ ആരംഭിച്ച കാലഘട്ടത്തിൽ കേരളത്തിലെ സഹകരണ ബാങ്കുകളിൽ നിന്നും സ്വരൂപിച്ച സ്ഥിരനിക്ഷേപം 62.74 കോടി രൂപയാണ് (62,74,82,200/- രൂപ). കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ പിന്നീട് നിക്ഷേപങ്ങളിന്മേലുള്ള പലിശയും അവയുടെ തിരിച്ചടവും നൽകുന്നത് ബുദ്ധിമുട്ടായതിനെത്തുടർന്ന് ഏകദേശം എല്ലാ നിക്ഷേപങ്ങളും പലിശയടക്കം പുതുക്കി നിക്ഷേപിച്ചു വരുകയാണ്. അപ്രകാരം 2022-2023 സാമ്പത്തിക വർഷത്തെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം സഹകരണ ബാങ്കുകളുടെ പലിശയടക്കമുള്ള റബ്കോയിലെ സ്ഥിരനിക്ഷേപത്തുക 322.41 കോടി രൂപയാണ് (322,41,20,679/- രൂപ). |
| (ബി) | റബ്കോയ്ക്ക് നിലവിലുള്ള കടബാധ്യത എത്രയാണെന്നും പ്രസ്തുത ബാധ്യത കുറയ്ക്കാൻ സർക്കാർ എത്ര രൂപ നൽകിയെന്നും വ്യക്തമാക്കുമോ; | (ബി) | 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം സർക്കാർ, എൻ.സി.ഡി.സി ധനസഹായം ഉൾപ്പെടെ 292.8 കോടി രൂപ (292,80,07,500/-) കടബാധ്യതയായുണ്ട്. പ്രസ്തുത ബാധ്യത കുറയ്ക്കുവാനായി സർക്കാർ തുകയൊന്നും റബ്കോയ്ക്ക് നൽകിയിട്ടില്ല. |
| (സി) | റബ്കോ നഷ്ടത്തിൽ വരാനുള്ള കാരണങ്ങളെക്കുറിച്ച് എന്തെങ്കിലും പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റബ്കോയ്ക്ക് ബിസിനസ് ഇതര ചെലവുകൾക്കായി തുക അനുവദിയ്ക്കുവാൻ അനുമതി നൽകിയത് ആരാണ്; വിശദമാക്കുമോ; | (സി) | റബ്കോയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിന് കോഴിക്കോടുള്ള ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അവർ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. ബിസിനസ്സ് ഇതര ചിലവുകൾക്കായി റബ്കോയ്ക്ക് സർക്കാർ തുക അനുവദിച്ചിട്ടില്ല. |
| (ഡി) | റബ്കോ കരുവന്നൂർ ബാങ്കിന് മുതലും പലിശയും ചേർത്ത് എത്ര രൂപയുടെ നിക്ഷേപം തിരികെ നൽകാനുണ്ടെന്ന് അറിയിക്കാമോ ? | (ഡി) | 2001 മുതൽ 2004 വരെയുള്ള കാലഘട്ടത്തിൽ കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 1.2 കോടി രൂപ (1,20,00,000/-രൂപ) സ്ഥിരനിക്ഷേപമായി റബ്കോ കൈപ്പറ്റിയിട്ടുണ്ട്. 2022-2023 സാമ്പത്തിക വർഷത്തെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം കരുവന്നൂർ ബാങ്കിന് മുതലും |

| | | | |
|---|---|---|---|
| | | | പലിശയുമടക്കം 7.57 കോടി രൂപ (7,57,47,837/- രൂപ) റബ്കോ നൽകാനുണ്ട്. |

സെക്ഷൻ ഓഫീസർ